**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161</u>** **<u>12-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സിറ്റി ഗ്യാസ് ലൈൻ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗെയിൽ പൈപ്പ്‌ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരളത്തിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വീടുകളിലേക്ക് പ്രകൃതി വാതകം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. വാണിജ്യ, വ്യാവസായിക സ്ഥാപനങ്ങൾക്ക് ഇന്ധനം നൽകുന്നതിനായുള്ള കണക്ഷനുകൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>കിനാലൂർ ഇൻഡസ്ട്രിയൽ പാർക്കിലേക്ക് 2023 ജൂലൈ മാസത്തോടെ പൈപ്പ് ലൈൻ കണക്റ്റിവിറ്റി സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നല്ലളം, വെസ്റ്റ് ഹിൽ തുടങ്ങിയ വ്യാവസായിക മേഖലകൾക്ക് 2023 ഡിസംബറോടെ ഗ്യാസ് കണക്റ്റിവിറ്റി നൽകുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ പുതുശ്ശേരി, ഇലപ്പുള്ളി പഞ്ചായത്തുകളിൽ വീടുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ പണികൾ പൂർത്തീകരിച്ചു. ഡിസംബർ മാസം അവസാനത്തോട് കൂടി പ്രകൃതി വാതകം ലഭ്യമാക്കുന്നതാണ്. പാലക്കാട് ജില്ലിയിൽ കഞ്ചിക്കോട് മേഖലയിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിലേയ്ക്ക് ഉള്ള ഇന്ധന വിതരണം ആരംഭിച്ചു കഴിഞ്ഞു. സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം ഇന്ധനം നൽകാൻ തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br><br>തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, ചൊവ്വന്നൂർ, ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിൽ വീടുകളിലേയ്ക്ക് പാചകാവശ്യത്തിനായുള്ള പ്രകൃതിവാതകം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ-ന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | **കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വാർഡ് നമ്പർ 15, കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതി പ്രകാരം പൈപ്പിലൂടെയുള്ള പ്രകൃതി വാതക ഗാർഹിക വിതരണ ശൃംഖല നടപ്പിലായിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പുരോഗമിച്ചു വരുന്നുണ്ട്.** |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളത്; എത്ര കണക്ഷൻ നൽകിയിട്ടുണ്ട്;വ്യക്തമാക്കാമോ; | (ബി) | ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിന് കീഴിലുള്ള ഉണ്ണികുളം പഞ്ചായത്തിലെ ഗാർഹിക കുടുംബങ്ങൾക്ക് IOAGPL, പൈപ്പ് മുഖേന പ്രകൃതി വാതക (PNG) കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്.<br><br>**നാളിതുവരെ 101 കണക്ഷനുകൾ നൽകി,യിട്ടുണ്ട്. പുതുതായി 83 കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ, പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട പഞ്ചായത്തുകളിൽ 2023 ജൂലൈ മാസത്തോടെ പിഎൻജി പദ്ധതിയുടെ വിപുലീകരണം ആസൂത്രണം ചെയ്തിട്ടുണ്ട്.** |
| (സി) | കോഴിക്കോട് ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ 15 സിഎൻജി സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്, ഇതിൽ 13 എണ്ണം പ്രവർത്തനക്ഷമമാണ്. 31.03.2023- ന് മുമ്പായി 7 സ്റ്റേഷനുകൾ കൂടി കമ്മീഷൻ ചെയ്യാൻ കഴിയും. |

സെക്ഷൻ ഓഫീസർ